## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3745 19.02.2013-ൽ മറുപടിയ്ക്ക്

## ടോട്ടൽ ഫിസിക്കൽ ഫിറ്റ്നെസ്സ് പ്രോഗ്രാം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. വർക്കല കഹാർ**<br>**ശ്രീ.കെ.മുരളീധരൻ**<br>**ശ്രീ.സണ്ണി ജോസഫ്**<br>**ശ്രീ.ലൂഡി ലൂയിസ്** | | **ശ്രീ.കെ.ബി.ഗണേഷ്കുമാർ**<br>**(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |

(എ) ടോട്ടൽ ഫിസിക്കൽ ഫിറ്റനെസ്സ് പ്രോഗ്രാമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പ്രോഗ്രാം നടപ്പിലാക്കുന്നത് ;

(എ) & (ബി) കേരളത്തിൽ മുഴുവൻ ജനതയ്ക്കും സമ്പൂർണ്ണ കായികക്ഷമത കൈവരിക്കുക എന്നത് ലക്ഷ്യമാക്കി നടത്തിവരുന്ന ഒരു ശാസ്ത്രീയ കായിക ക്ഷമതാ പദ്ധതിയാണ് സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതി.

വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. അനുയോജ്യമായ കായിക പ്രവർത്തനങ്ങളിൽ പ്രത്യേകിച്ച് ഹൃദയ-ശ്വസനക്ഷമതാ പരിപാടികളിൽ, പങ്കെടുക്കുന്ന 9 നും 17 നും ഇടയ്ക്കു പ്രായമുള്ള കുട്ടികളുടേയും കൗമാരക്കാരുടേയും അനുപാതം 90%-ൽ അധികമാക്കുക.
2. ദിവസേനയുള്ള കായിക പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന 9 നും 17 നും ഇടയ്ക്കു പ്രായമുള്ള കുട്ടികളുടേയും കൗമാരക്കാരുടേയും അനുപാതം 60% -ൽ അധികമായി ഉയർത്തുക.
3. കുട്ടികളുടേയും കൗമാരക്കാരുടേയും ആരോഗ്യ സംബന്ധമായ കായികക്ഷമത ശാസ്ത്രീയമായും വ്യവസ്ഥാപിതമായും വിലയിരുത്തുന്നതിനുള്ള പഠനക്രമം സ്ഥാപിക്കുക. 9 നും 17 നും ഇടയ്ക്കു പ്രായമുള്ള 100% കുട്ടികളും ഇത്തരം പരിശോധനാ പരിപാടിയിൽ പങ്കെടുക്കുന്നു എന്നുറപ്പുവരുത്തുക.
4. സ്കൂൾ കുട്ടികളുടെ ആരോഗ്യ സംബന്ധമായ കായികക്ഷമത ശാസ്ത്രീയമായും, വ്യവസ്ഥാപിതമായും വിലയിരുത്തുന്നതിനുള്ള പഠനക്രമം വികസിപ്പിക്കുക.
5. ഔദ്യോഗികാംഗീകാരം നേടുന്നതിന് പ്രചോദനം നൽകുന്ന വിധം ഗ്രേഡിംഗ് രീതി വികസിപ്പിക്കുക.
6. ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള നിലവാരത്തിന് താഴെയുള്ളവരുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിക്കുക.
7. വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശം നൽകാൻ ടീച്ചേഴ്സ് ഗൈഡും, ദൃശ്യസഹായികളും വികസിപ്പിച്ചെടുക്കുക.

| | | | |
|---|---|---|---|
| (സി) | പ്രോഗ്രാമിന്റെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നു ; വിശദമാക്കുമോ ; | (സി)<br>& | പദ്ധതിയുടെ ഭാഗമായി നടത്തിയ കായികക്ഷമത പരിശോധനയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കുട്ടികളിൽ കായികക്ഷമതാ നിലവാരം മുൻവർഷങ്ങളെ അപേക്ഷിച്ച് കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | കായികക്ഷമത കുറയുന്നതിന് കായിക വിനോദങ്ങളിൽ ഏർപ്പെടുത്താത്തതും കായിക വിദ്യാഭ്യാസം ലഭിക്കാത്തതും കാരണമാകയാൽ യു.പി തലം മുതൽ ഹയർ സെക്കന്ററിതലം വരെ സ്കൂളുകളിൽ ആവശ്യമായ കായികാദ്ധ്യാപകരെ നിയമിക്കുന്ന കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ